
(Monthly) Price- Rs. 4/-

# ബൈബിൾ ദൂത്



| മനുഷ്യൻ | ദൈവം |
| --- | --- |
| മൺമയൻ, ദൈവസാദൃശ്യമുള്ളവൻ | അരൂപിയും നിത്യനും |
| ദൈവസൃഷ്ടി | സൃഷ്ടി കർത്താവ് |
| മർത്യൻ | അമർത്യൻ |
| പരിമിതിയുള്ളവൻ | പരിമിതിയില്ലാത്തവൻ |
| ഭൗതികൻ എന്നാൽ ആത്മികമാകാൻ സൃഷ്ടിക്കപ്പെട്ടവൻ | ദിവ്യത്വമുള്ളവൻ |
| പാപത്തിനിരയാകുന്നവൻ | പരിശുദ്ധൻ |
| വികാരഗതിഭേദമുള്ളവൻ | വികാരത്താൽ മാറ്റമില്ലാത്തവൻ |
| ഒരു സമയത്ത് ഒരു സ്ഥലത്തു ജീവിക്കുന്നവൻ | സർവ്വവ്യാപി |
| ശരീരം താല്ക്കാലികമാണ് | ശരീരരഹിതൻ |
| ദൈവകല്പന വിശ്വസിച്ച് അനുസരിച്ചാൽ ജീവിതം ദൈവികമായി മാറും. ദൈവത്തിന്റെ അപ്രമേയജ്ഞാനത്താൽ അറിഞ്ഞു ദൈവത്തെ ഭയന്ന് കല്പനകൾ അനുസരിച്ചാൽ അവൻ ദൈവത്തോടു കൂടെ നിത്യനായി ജീവിക്കും | ന്യായകർത്താവ്<br>വിശ്വസ്തൻ<br>സത്യവാൻ<br>സ്നേഹവാൻ<br>രക്ഷകൻ |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 20** **September 2006** **No.6**

## എഡിറ്റോറിയൽ

അന്ധവിശ്വാസങ്ങൾ അപരിഷ്കൃത ലോകത്തിൽ ഉണ്ടായിരുന്നു എന്നതു വാസ്തവമാണ്. എന്നാൽ പരിഷ്കൃതവും ആധുനികവുമായ ഈ കാലത്തും അനവധി ആളുകൾ അന്ധവിശ്വാസത്തിന്റെ പുറകെയാണ്. വിദ്യാഭ്യാസമുള്ളവർ പോലും അതിൽ നിന്നു മുക്തരല്ല. എന്താണ് അന്ധവിശ്വാസം എന്നാൽ? അന്ധവിശ്വാസവും യഥാർത്ഥ വിശ്വാസവും തമ്മിലുള്ള വ്യത്യാസം എന്താണ്? വസ്തുനിഷ്ഠമായ പഠനത്തിൽ കൂടെ മാത്രമേ ഇതു മനസിലാക്കാൻ പറ്റൂ. ആയിരക്കണക്കിനു അന്ധവിശ്വാസങ്ങൾ പ്രചുരപ്രചാരത്തിലിരിക്കുന്നുണ്ട്. കുറെയൊക്കെ ചിലർ തങ്ങളുടെ അനുഭവത്തിൽ നിന്നു രൂപപ്പെടുത്തിയതും മറ്റു ചിലതു കേട്ടു കേൾവിയിലൂടെ കൈമാറി കിട്ടിയതുമാണ്. എങ്ങനെ കിട്ടിയാലും ശരി അവയ്ക്കു അടിസ്ഥാനമില്ല എന്നു ആദ്യം തന്നെ പറഞ്ഞു കൊള്ളട്ടെ. അടിസ്ഥാനമില്ലാത്ത കെട്ടിടം നില നില്ക്കുകയില്ല. അതേ പോലെ ഒരു വസ്തുതയുടെ നിലനില്പിന്, സത്യസന്ധതയ്ക്ക് എല്ലാം അടിസ്ഥാന തെളിവുകൾ വേണം. അതില്ലാത്ത കാലത്തോളം ഒരാൾക്കു സംഭവിക്കുന്നത് മറ്റൊരാൾക്ക് സംഭവിക്കണമെന്നില്ല. തൊട്ടുകൂടായ്മയും ശകുനവുമെല്ലാം അന്ധവിശ്വാസത്തിന്റെ ഭാഗമാണ്. അന്ധവിശ്വാസം എന്നാൽ കണ്ണടച്ചു വിശ്വസിക്കുക എന്നാണ്. നിരവധി ആളുകൾ ഇന്നും തെറ്റായ കാര്യങ്ങളെ ശരി എന്നു വിശ്വസിച്ചു വരുന്നുണ്ട്. അന്ധവിശ്വാസത്തിന്റെ അപകടം നാം അറിയാതിരിക്കരുത്.

രാഷ്ട്രീയക്കാരിലും, സാംസ്ക്കാരിക നായകന്മാരിലും എഴുത്തുകാരിലും, മാദ്ധ്യമ പ്രവർത്തകരിലും എന്തിനേറെ പറയുന്നു മത

പരമായ ആളുകളിലും അന്ധവിശ്വാസമുണ്ട്. ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നവരിലും രാഹുകാലവും, നല്ല ദിവസവും നോക്കുന്നവർ ഉണ്ട്. ഒരു വിവാഹമോ അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും ചടങ്ങുകൾ നടത്തുന്നത് മുകളിൽ പറഞ്ഞ പ്രകാരമാണ്. അന്ധവിശ്വാസങ്ങളെ കടമെടുത്തവർ അവരുടെ മുൻകാലങ്ങളിൽ മുൻ തലമുറക്കാർ അവരുടെ ചുറ്റുപാടുമുള്ളവരിൽ നിന്നു കേട്ടു പഠിച്ചതാകാം. ഒരാൾ ഒരിക്കൽ യാത്രക്കു പുറപ്പെട്ടപ്പോൾ ഒരു പൂച്ച കുറുകെ ചാടി. ആ യാത്രയിൽ അയാൾ ഒന്ന് വീണു. പോയ കാര്യം നടന്നുമില്ല. അയാൾ പറഞ്ഞു, പൂച്ച കുറുകെ ചാടിയതു കൊണ്ടാണ് അയാൾ വീണതും പോയകാര്യം നടക്കാതിരുന്നതും. ഇതുകേട്ടവർ മുൻപും ഇങ്ങനെ സംഭവിച്ച അനുഭവസ്ഥർ പറഞ്ഞു കേട്ടിട്ടുള്ളതു പറയും. എണ്ണ വിളക്ക് ഉപയോഗിച്ചിരുന്ന വീടുകളിൽ പെട്ടെന്ന് എണ്ണ തീരുമ്പോൾ കരിന്തിരി കത്തും. അപ്പോൾ പ്രായമായവർ പറയും കഷ്ടകാലത്താണ് കരിന്തിരി കത്തുന്നത്. വാസ്തവത്തിൽ കരിന്തിരി കത്തുന്നതു വിളക്കിൽ എണ്ണ തീർന്നതു കൊണ്ടാണ്. അതു വരുവാനിരിക്കുന്ന കഷ്ടതയുമായി ഒരു ബന്ധവുമില്ല. ആളുകൾ കാര്യകാരണ സഹിതം വിവേചിച്ചാൽ കാര്യങ്ങൾ മനസിലാകും. പക്ഷേ അതിന് അധികം പേരും തയ്യാറാവുന്നില്ല എന്നതാണ് ഖേദകരം.

പല വിധത്തിലുള്ള അന്ധവിശ്വാസങ്ങൾ പ്രചാരത്തിലുണ്ട്. കണികാണലും അതിൽ പെടുന്നതാണ്. നല്ലതും മേന്മമായതുമായ കാഴ്ച കണ്ടിട്ടു പോയാൽ ശുഭമാണെന്നു കരുതുന്നവരുണ്ട്. അതേപോലെ മോശമായ കണി കണ്ട് ഇറങ്ങിയാൽ കുഴപ്പമായിരിക്കും ഫലമെന്നും അവർ വിലയിരുത്തും. ഒരു വീട് പണിയുമ്പോൾ പണ്ടെല്ലാം ദർശനം നോക്കിയാണ് പണിയുന്നത്. വടക്കോട്ടോ അല്ലെങ്കിൽ കിഴക്കോട്ടോ ദർശനം നോക്കി പണിയുന്ന വീട് ഉത്തമമായിരിക്കും എന്നാണ് സ്ഥാനം കാണുന്നവർ പറയുന്നത്. അങ്ങനെ പണി തീർത്ത വീട്ടിൽ കയറി താമസിക്കുന്നതു നല്ല ദിവസവും നല്ല സമയവും നോക്കിയാണ്. വെറും പാത്രം അടുപ്പിൽ വെച്ചാൽ ഒന്നും പാകം ചെയ്യുവാൻ ഉണ്ടാവുകയില്ല എന്ന് പറയും. വടക്കുവശത്തിരുന്നു കാക്ക കരഞ്ഞാൽ, പൂച്ച വാൽ നക്കി തുടച്ചാൽ, പട്ടി ഓളിയിട്ടാൽ, ഇരട്ടപ്പഴം സ്ത്രീകൾ തിന്നാൽ, കാക്ക കുളിക്കുന്നതുകണ്ടാൽ,

കാക്ക ദേഹത്തു കാഷ്ഠിച്ചാൽ എല്ലാം അതിന് ഒരു ഫലമുണ്ടെന്നു പറഞ്ഞു ധരിപ്പിച്ചിരിക്കയാണ്. ഇനിയും അനേകമനേകം അന്ധവിശ്വാസങ്ങൾ നിരത്താൻ കഴിയും. ഇവയെല്ലാം മനുഷ്യരുടെ സങ്കല്പങ്ങളും കണ്ടുപിടിത്തങ്ങളും ആണ്. അവയ്ക്കൊന്നും ആധികാരികതയില്ല. നമുക്ക് ശരിയും തെറ്റും വിവേചിച്ച് മനസ്സിലാക്കാനുള്ള ബുദ്ധി ദൈവം തന്നിട്ടുണ്ട്. ശരിയായ വിശ്വാസം ഇല്ലാത്തവരാണ് അന്ധവിശ്വാസത്തിൽ ആശ്രയിക്കുന്നത്. ഒരാൾ അന്ധവിശ്വാസിയായിരുന്നു. അയാൾ നല്ല ദിവസവും സമയവും കണിയും എല്ലാം നോക്കി പോയി ഒരു പുഴയിൽ വീണ് ഒഴുക്കു പുരണ്ട സംഭവം എനിക്ക് നേരിട്ട് അറിയാനിടയായതാണ്.

വിശുദ്ധ വേദപുസ്തകത്തിൽ ദൈവം സൃഷ്ടിച്ച ദിവസങ്ങളും മാസങ്ങളും കാലങ്ങളും എല്ലാം നല്ലതാണ്. അതിൽ മോശമായതൊന്നുമില്ല. പിന്നെ കുഴപ്പങ്ങൾ സംഭവിക്കുന്നത് നമ്മുടേയോ അല്ലെങ്കിൽ മറ്റുള്ളവരുടേയോ അപരാധം നിമിത്തം സംഭവിക്കുന്നതാണ്. അതിൽ ആളുകൾ വിധിയെന്നോ, കണി ദോഷമെന്നോ പറഞ്ഞു സമാധാനിക്കയാണ്. യഥാർത്ഥ കാരണം ഞാൻ മുൻപു പറഞ്ഞതാണ്. അതിനാൽ കണ്ണുമടച്ച് ഇത്തരം പ്രചാരങ്ങളെ വിശ്വസിക്കാതെ ദൈവവചനം കേട്ടു ക്രിസ്തുവിലും അവന്റെ ഉപദേശങ്ങളിലും വിശ്വാസം അർപ്പിക്കുക. സത്യ വിശ്വാസം വചനകേൾവിയാൽ വരുന്നു. സത്യവിശ്വാസം ഒരാളിൽ വന്നാൽ അയാളുടെ ജീവിതത്തിനു മാറ്റം ഉണ്ടാകും. മാനസാന്തരം എല്ലാവർക്കും ആവശ്യമാണ്. സത്യസന്ധമായ മാനസാന്തരം ഒരാൾക്ക് ഉണ്ടാകുന്നത് ദൈവത്തിലേക്കു തിരിയുമ്പോഴാണ്. അപ്പോൾ അയാൾ ക്രിസ്തുയേശുവിന്റെ മഹത്വം മനസിലാക്കും. അവൻ ദൈവപുത്രനാണെന്ന് ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനമേല്ക്കയും ചെയ്യും. അങ്ങനെ ചെയ്യുന്നവരെ കർത്താവു രക്ഷിക്കും. തന്റെ സഭയോടു ചേർക്കുകയും ചെയ്യും. തുടർന്നു മരണത്തോളം വിശ്വസ്തമായി സത്യം അനുസരിച്ചു ജീവിച്ചാൽ ദൈവവുമായി എന്നേക്കും വസിക്കാം.

★

# മാനസാന്തരപ്പെടേണ്ട ആവശ്യം

ജെ.സി. ചോട്ട്

മാനസാന്തരം ഒരു വേദപുസ്തക വിഷയമാണ്. അതു അപൂർവ്വമായേ ചർച്ച ചെയ്യപ്പെടാറുള്ളൂ. എന്നാൽ ലോകം മുഴുവൻ ആവശ്യമായതുമാണ്. സകല മനുഷ്യരും സ്ത്രീ പുരുഷ ഭേദമെന്യേ മാനസാന്തരപ്പെടേണ്ടവരാണ്. കാരണം എല്ലാവരും അധർമ്മം ചെയ്യുന്നവരാണ്.

ഏതൊരാളും തന്റെ പാപത്തിൽ നിന്നാണ് തിരിയേണ്ടത് എന്ന് ക്രിസ്തു ഉപദേശിക്കയുണ്ടായി. മാനസാന്തരപ്പെടുന്നവർ പാപത്തിൽ നിന്നു ദൈവത്തിലേക്കു തിരിയുന്നത് അവരുടെ ആത്മ രക്ഷക്കായിരിക്കണം, തന്നെയുമല്ല, കർത്താവിന്റെ സഭയിൽ പ്രവേശിക്കുക എന്ന ലക്ഷ്യവുമുണ്ടാകണം.

മാനസ്സാന്തരം എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു മാറ്റം, തിരിയൽ, മോശമായതും തെറ്റായതും വിട്ടുകളയൽ, മോശമായ സ്വഭാവം ഉപേക്ഷിക്കൽ, വേറൊരു ദിശയിലേക്കു സഞ്ചരിക്കൽ എന്നിവയാണ്. ഇതിനർത്ഥം, ഒരാളുടെ ജീവിതത്തെ സംബന്ധിച്ച് ഹൃദയമാറ്റം, മനസ്സുമാറ്റം ഉണ്ടാകണം. തിരിഞ്ഞ് എതിർ ദിശയിലേക്ക് ചലിക്കലാണ് അത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഒരാൾ തന്റെ പാപത്തിൽ നിന്നു മാനസാന്തരപ്പെട്ടാൽ ക്രിസ്തുവിനെ അനുഗമിക്കേണ്ടതിനു അയാൾ തന്റെ പാപങ്ങളെയെല്ലാം വിട്ടു കളയുന്നു.

മാനസ്സാന്തരപ്പെട്ടില്ലെങ്കിൽ ഒരാൾ അങ്ങനെ തന്നെ നശിച്ചു പോകും എന്നാണ് ക്രിസ്തു കല്പിച്ചത് (ലൂക്കൊസ് 13:3). അപ്പൊസ്തലനായിരുന്ന പൗലൊസ് പറഞ്ഞു, "അറിയായ്മയുടെ കാലം കണക്കിടാതെ ഇപ്പോൾ എല്ലാവരോടും എല്ലായിടത്തും മാനസാന്തരപ്പെടുവാൻ ദൈവം കല്പിക്കുന്നു" (പ്രവൃത്തികൾ 17:30). പത്രൊസ് പ്രഖ്യാപിച്ചു, "ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ" (2 പത്രൊസ് 3:9).

എന്നാൽ സുവിശേഷം അനുസരിക്കുന്നതിൽ മാനസ്സാന്തരം എങ്ങനെ യോജിച്ചിരിക്കുന്നു? നാം മുൻപു വായിച്ചതുപോലെ

കർത്താവു എല്ലാവരോടും കല്പിച്ചിരിക്കയാണ് മാനസാന്തരപ്പെടുവാൻ. അതായതു പാപത്തെ വിട്ടു കളയുവാൻ ദൈവം കല്പിച്ചിരിക്കയാണ്. എന്നാൽ രക്ഷിക്കപ്പെടുവാൻ ഇതു മാത്രം മതിയോ? പോരാ. ഇതു കർത്താവു ആവശ്യപ്പെടുന്നവയിൽ ഒരു ഭാഗമേ ആകുന്നുള്ളൂ. നമുക്ക് അതിനെ കൂടുതൽ അടുത്തറിയാൻ നോക്കാം.

സുവിശേഷം എന്നാൽ സുവാർത്തയാണ്. യേശു സകല മനുഷ്യരുടേയും പാപങ്ങൾക്കു വേണ്ടി മരിച്ചു, അടക്കപ്പെട്ടു, കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും ചെയ്തു (1 കൊരിന്ത്യർ15:1-4). ആ വസ്തുതകളെ നാം ഇപ്പോൾ വിശ്വസിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. ക്രിസ്തു ഇപ്പോൾ ഉയിർത്തെഴുന്നേറ്റ കർത്താവാണ്. ഇവിടെയാണ് മാനസാന്തരത്തിന്റെ ആവശ്യം ഉദിക്കുന്നത്. പാപികൾക്കു വേണ്ടി മരിച്ചു ഉയിർത്തെഴുന്നേറ്റു കർത്താവായിത്തീർന്ന, ക്രിസ്തുവിന്റെ കല്പന ഒഴിച്ചുകൂടാനാവാത്തതാണ്. പാപമോചനം ആഗ്രഹിക്കുന്നവർ കർത്താവിന്റെ കല്പനയെ കൈക്കൊള്ളും. നമ്മെ ശിക്ഷിക്കാതെ രക്ഷിപ്പാൻ കഴിവുള്ളവൻ ഏകനാണ് (പ്രവൃത്തി 4:12). നമ്മെ ദൈവത്തോടു ബന്ധിപ്പിക്കുന്ന ഏക മദ്ധ്യസ്ഥൻ ക്രിസ്തുവാണ് (1 തിമൊഥെയൊസ് 2:5). പത്രൊസിന്റെ ആദ്യത്തെ പ്രസംഗമായി രേഖപ്പെടുത്തിയിരിക്കുന്നതാണ്. അവന്റെ പ്രസംഗം കേട്ടവരുടെ ഹൃദയത്തിൽ കുത്തു കൊണ്ടതായി പറയുന്നുണ്ട്. തന്നെയുമല്ല, "സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യുന്നു?" എന്ന് അവർ അപ്പൊസ്തലന്മാരോട് ചോദിച്ചു. സ്പഷ്ടമായ മാനസ്സാന്തരം അവർക്ക് ആവശ്യമാണെന്നു കാണിക്കുന്നു. എന്നാൽ അതിൽ ഒതുങ്ങുന്നതായിരുന്നില്ല മാനസ്സാന്തരം. പത്രൊസ് അവരോട് പറയുന്നു, "നിങ്ങൾ ഓരോരുത്തൻ മാനസ്സാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:37, 38). മറ്റേതെങ്കിലും രീതിയിൽ രക്ഷപ്പെടുവാൻ കഴിയുമായിരുന്നെങ്കിൽ അപ്പൊസ്തലൻ അതു പറയുമായിരുന്നു. അതില്ലാത്തതുകൊണ്ട് കർത്താവിന്റെ കല്പന അനുസരിക്കുവാനാണ് ആവശ്യപ്പെട്ടത്.

വീണ്ടും മറ്റൊരു സന്ദർഭത്തിൽ പത്രൊസ് പ്രസംഗിച്ചപ്പോഴും ദൈവ സന്ദേശം വ്യക്തമാക്കുന്നുണ്ട്. യെരുശലേമിലുള്ള വമ്പിച്ച

പുരുഷാരത്തോട് സുവിശേഷ പ്രസംഗം നടത്തുന്ന സന്ദർഭമായിരുന്നു. അവിടെ അവൻ പറയുന്നതു ശ്രദ്ധിക്കുക: "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞു കൊൾവിൻ എന്നാൽ കർത്താവിന്റെ സമ്മുഖത്തു നിന്നു ആശ്വാസ കാലങ്ങൾ വരികയും ക്രിസ്തുവിനെ നിങ്ങളിൽ അയക്കുകയും ചെയ്യും" (പ്രവൃത്തികൾ 3:19). മാനസാന്തരം അന്ന് അനുസരണത്തിന്റെ മുഖ്യഭാഗമായിരുന്നു. ഇന്നും അതിനു വ്യത്യാസം സംഭവിച്ചിട്ടില്ല. ആ കല്പന അനുസരിക്കാതെ അവരുടെ പാപം മോചിക്കപ്പെടുമായിരുന്നില്ല. നാം ആ കല്പനകൾ അനുസരിക്കാതെ നമ്മുടെ പാപങ്ങളും ക്ഷമിക്കപ്പെടുകയില്ല. നമ്മൾ അങ്ങനെ രക്ഷിക്കപ്പെട്ടില്ലെങ്കിൽ അവൻ നമ്മെ അവന്റെ സഭയോട് ചേർക്കുകയുമില്ല. കാരണം ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. പുതിയ നിയമം അന്നും ഇന്നും ഒന്നാണ്. ദൈവപദ്ധതി അന്നത്തെപ്പോലെ ഇന്നും പ്രാബല്യത്തിലിരിക്കുന്നു. അതിന് മാറ്റം വരുത്തുവാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളു.

അപ്പൊസ്തല പ്രവൃത്തികളിലെ പരിവർത്തനങ്ങൾ എല്ലാം പരിശോധിച്ചാൽ നടന്നിട്ടുള്ള പരിവർത്തന രേഖകളിലെല്ലാം കർത്താവിനെ അനുസരിച്ച എല്ലാവരും മാനസാന്തരപ്പെടേണ്ടിയിരുന്നു എന്നു കാണാം. പ്രവൃത്തികൾ 8-ാം അദ്ധ്യായത്തിൽ പറയുന്ന ശമര്യക്കാരും ഐത്യോപ്യനും അങ്ങനെ മാനസാന്തരപ്പെട്ടവരിൽ ഉൾപ്പെടുന്നു. ശൌൽ എന്ന പേരിൽ അറിയപ്പെട്ട വ്യക്തിയുടെ ജീവിതത്തിലും മാനസാന്തരമുണ്ടായി. അവൻ അതിനു മുൻപു സഭയെ മുടിച്ചവനായിരുന്നു. കൊർന്നേല്യോസ് എന്ന നല്ലൊരു മനുഷ്യനും മാനസാന്തരപ്പെട്ടു സ്നാനമേല്ക്കേണ്ടിയിരുന്നു. അതുപോലെ മറ്റെല്ലാ പരിവർത്തന സംഭവങ്ങളിലും അവരെല്ലാം മാനസാന്തരപ്പെട്ടതായി കാണാം. ഇവരെല്ലാം ഒരേ സുവിശേഷമാണ് കേട്ടതും അനുസരിച്ചതും. അവരെല്ലാം രക്ഷിക്കപ്പെട്ടതും കർത്താവിന്റെ സഭയിൽ അംഗങ്ങളായതും ഒരേ രീതിയിലാണ്. പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടാതെ ആരും രക്ഷിക്കപ്പെട്ടതായോ, കർത്താവിന്റെ സഭയിൽ ആയിത്തീർന്നതായോ ദൈവപൈതലായിത്തീർന്നതായോ കാണാൻ സാദ്ധ്യമല്ല. അതുകൊണ്ട് മാനസാന്തരം കൂടാതെ ഒരാത്മാവും രക്ഷിക്കപ്പെടുകയില്ല.

മാനസാന്തരത്തിൽ എന്തു സംഭവിക്കുന്നു എന്നു റോമാ ലേഖനം 6-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. പൗലൊസ് അവിടെ പറയുന്നു, "ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരു നാളും അരുത് പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ? അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു (റോമർ 6:1-6). ഇവിടെ പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക. ഒരാൾ കർത്താവിനെ അനുസരിക്കുമ്പോൾ അയാൾ തന്റെ പാപശരീരത്തെ മരിപ്പിക്കുകയാണ്. പഴയ മനുഷ്യനെ നീക്കം ചെയ്യുവാൻ പാപശരീരത്തെ ക്രൂശിക്കയാണ് ചെയ്യുന്നത്. പിന്നെ ആ പാപശരീരത്തെ അടക്കം ചെയ്യുകയാണ്. അപ്പോൾ കർത്താവിന്റെ വിശുദ്ധമായ രക്തം അവന്റെ പാപങ്ങളെ കഴുകി ശുദ്ധീകരിക്കുന്നു. കർത്താവിന്റെ യാഗത്തോടു ബന്ധപ്പെടുന്നവർക്കാണ് ഇതു ലഭിക്കുന്നത്. അങ്ങനെ സ്നാന ജലത്തിൽ നിന്നു പുറത്തു കടക്കുന്ന വ്യക്തി യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽ പങ്കാളിയാകുന്നു.

കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ പൗലൊസ് പറഞ്ഞു, അതുകൊണ്ട് ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയായി, പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു (2 കൊരിന്ത്യർ 5:17). പഴയതു കഴിഞ്ഞുപോകുന്നത് മാനസാന്തരപ്പെടുമ്പോഴാണ്. കഴിഞ്ഞകാല പാപങ്ങളെ ഉപേക്ഷിക്കണം. പിന്നെയാണ് വീണ്ടും ജനിക്കുന്നത്. പഴയതു നില

നിർത്തിയാൽ പുതിയതാവാൻ സാധ്യമല്ല. സ്നാനപ്പെടുമ്പോഴാണ് ഒരാൾ പുതിയ സൃഷ്ടിയാകുന്നത്. കാരണം യേശു പറഞ്ഞത് വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നതാണ് പുതിയ ജനനം എന്ന്. ഭൗതികമായ ജനനം ഒന്നാമത്തേതും ആത്മീയ ജനനം രണ്ടാമത്തേതുമാണ് (യോഹന്നാൻ 3:3-5).

പൗലൊസ് കൊലൊസ്യയിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചു കൊണ്ട് പറയുന്നത് നിങ്ങളുടെ പഴയ മനുഷ്യൻ പാപത്തിനു കീഴ്പ്പെട്ടിരുന്നു. എന്നാൽ പുതിയ മനുഷ്യൻ ക്രിസ്തുവിൽ നീതിക്കു കീഴ്പ്പെടുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ കർത്താവിനെ അനുസരിക്കുവാൻ ഓരോരുത്തരും മാനസാന്തരപ്പെടണം. അതുപോലെ ക്രിസ്ത്യാനികളായിത്തീർന്ന ശേഷവും മാനസ്സാന്തരം ഉണ്ടാകണം. കാരണം പാപം നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. ജഡത്തിൽ വസിക്കുന്ന കാലത്തോളം മാനസ്സാന്തരം ഒഴിച്ചു കൂടാനാവാത്തതാണ്.

കർത്താവ് ശാരീരികമായി ഈ ഭൂമിയിലായിരുന്നപ്പോൾ തന്റെ ഉപദേശത്തിൽ നിറഞ്ഞു നിന്ന വിഷയം മാനസ്സാന്തരമായിരുന്നു. തന്റെ അപ്പൊസ്തലന്മാർക്കു അവൻ കല്പന കൊടുത്തതിലും അവൻ പ്രസംഗിച്ച വിഷയങ്ങളിലും മാനസ്സാന്തരത്തിനു പ്രാധാന്യം കൊടുത്തിരുന്നു. ഇന്നും മാനസ്സാന്തരത്തിനു അതിന്റേതായ പ്രാധാന്യമുണ്ട്. രക്ഷയുടെ ഭാഗമാണ് മാനസ്സാന്തരം. ദൈവത്തിന്റെ വാഗ്ദാനം ലഭിക്കുവാൻ ദൈവത്തെ അനുസരിക്കണം. നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ നിന്നു മാനസ്സാന്തരപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ നിങ്ങൾ ദൈവകല്പന പ്രമാണിക്കുക. നിങ്ങൾ ഒരു ക്രിസ്ത്യാനിയായിത്തീർന്നില്ലെങ്കിൽ അതിനു കർത്താവു കല്പിച്ചിട്ടുള്ള രക്ഷാ പദ്ധതി അനുസരിക്കുക. കർത്താവിന്റെ സഭയിൽ നിങ്ങൾ അംഗമായിട്ടുണ്ടോ? ഇല്ലെങ്കിൽ ഇപ്പോൾ തന്നെ കർത്താവിന്റെ സഭയുമായി ബന്ധപ്പെടുക. മനുഷ്യ നിർമ്മിത സഭാവിഭാഗങ്ങളിൽ അംഗമായാൽ ദൈവാനുഗ്രഹം പ്രാപിക്കയില്ല. കർത്താവ് രക്ഷിക്കയുമില്ല.

✱

സ്ത്രീകൾക്കു വേണ്ടി

# നമ്മിൽ ഭരമേല്പിച്ച ആശ്രയം

## ബെറ്റി ബർട്ടൻ ചോട്ട്

"സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നറിഞ്ഞ് നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്" (യാക്കോബ് 3:1). സാധാരണ അംഗങ്ങളിൽ നിന്നു വ്യത്യാസമുള്ളവരാണ് ഉപദേഷ്ടാക്കന്മാർ എന്നതു സ്പഷ്ടമാണ്. അവർക്ക് ഉത്തരവാദിത്വങ്ങൾ ധാരാളമുണ്ട്. യാക്കോബ് നല്കുന്ന നിർദ്ദേശം ഗൗരവത്തോടെ വേണം കാണുവാൻ.

"അല്ലയോ തിമൊഥെയൊസേ, നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപനിധി കാത്തുകൊണ്ട് ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെയും തർക്കസൂത്രങ്ങളേയും ഒഴിഞ്ഞു നില്ക്ക" (1 തിമൊഥെയൊസ് 6:20). ദൈവ പരിജ്ഞാനത്തിനു വിരുദ്ധമായ ജ്ഞാനത്തെ മുറുകെ പിടിക്കുന്ന ആളുകളുണ്ട്. യഥാർത്ഥ ഭക്തിയല്ലാത്ത വ്യാജമായ പലതും ഭക്തിയുടെ പേരിൽ ലോകത്തിൽ ആളുകൾക്കു ഇമ്പമായി ഇറക്കിയിട്ടുണ്ട്. അതിനെയെല്ലാം എടുത്ത് വാദിക്കയും തർക്കിക്കയും ചെയ്യുന്നവർ ഉണ്ട്. പക്ഷേ സത്യക്രിസ്ത്യാനി അവയിൽ നിന്നു ഒഴിഞ്ഞു മാറണം.

"എന്നോടു കേട്ട പത്ഥ്യവചനം നീ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കിക്കൊൾക" (2 തിമൊഥെയൊസ് 1:13).

"ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടു കൂടെ കഷ്ടം സഹിക്കുക" (2 തിമൊഥെയൊസ് 2:2).

"ഞാൻ ദൈവത്തെയും ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നത്: വചനം പ്രസംഗിക്ക, സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക തർജ്ജനം ചെയ്ക, പ്രബോധിപ്പിക്ക; അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കു

ഒത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും. നീയോ സകലത്തിലും നിർമ്മദൻ ആയിരിക്ക; കഷ്ടം സഹിക്ക, സുവിശേഷകന്റെ പ്രവൃത്തി ചെയ്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക" (2 തിമൊഥെയൊസ് 4:1-5).

"ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ടു മേല്ക്കുമേൽ ദോഷത്തിൽ മുതിർന്നു വരും. നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക" (2 തിമൊഥെയൊസ് 3:14, 15). "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു" (2 തിമൊഥെയൊസ് 3:16, 17).

ഇന്നത്തെ ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും യാക്കോബിന്റെ മുന്നറിയിപ്പ് കാര്യമായി എടുക്കുന്നുണ്ടോ എന്നു സംശയമാണ്. കാരണം അവരുടെ ഉപദേശങ്ങളും അവരുടെ സുവിശേഷ പ്രസംഗങ്ങളും ദൈവവചനത്തിൽ നിന്നും അപ്പുറമാണ്. സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നോർത്തു നിങ്ങളിൽ അധികം പേരും ഉപദേഷ്ടാക്കന്മാർ ആകരുത് എന്നാണ് യാക്കൊബ് നിർദ്ദേശിച്ചിരിക്കുന്നത്. ദൈവശ്വാസീയ വെളിപ്പെടുത്തലാണിത്. ഒരാൾ ക്രിസ്ത്യാനിയായി തീർന്നിട്ടാണല്ലോ ഉപദേഷ്ടാവാകുന്നത്. അവരിൽ ദൈവം ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്വമാണ് ഉപദേശവും സുവിശേഷ പ്രവർത്തനവും. അതു ശ്രദ്ധാപൂർവ്വം ചെയ്യേണ്ട പ്രവൃത്തിയാണ്. ആത്മാക്കളെ രക്ഷിക്കുവാനുള്ള ദൈവികപദ്ധതിയാണ് വചനോപദേശവും സുവിശേഷഘോഷണവും. ശരിയായ അഭ്യാസമോ അറിവോ കൂടാതെ ആളുകൾക്കു കൊടുക്കുന്ന തെറ്റായ സന്ദേശം അവർ സത്യമാണെന്ന് വിശ്വസിച്ച് അനുസരിക്കും. അതിന്റെ അവസാനം നാശമായിരിക്കും ഫലം. മാത്രമല്ല ഓരോരുത്തരും ദൈവത്തിനു കണക്കു കൊടുക്കേണ്ട

ഉത്തരവാദിത്വമുണ്ട്. പക്ഷേ ഉപദേഷ്ടാക്കന്മാർക്കു കൂടുതൽ ഉള്ളത് അവർ മറ്റു ആത്മാക്കളെ കുറിച്ചും കണക്കു കൊടുക്കണം എന്നതാണ്. ആളുകളുടെ രക്ഷക്കു ഉപദേഷ്ടാവിന് ഒരു ഉറപ്പും നല്കാൻ സാധ്യമല്ല. പക്ഷേ നല്കുന്ന സന്ദേശം അഥവാ ദൂത് ശരിയായിത്തന്നെ കൊടുക്കണം. അതിനു യാതൊരു വിട്ടുവീഴ്ചയുമില്ല. അതിനു (1) ഉപദേഷ്ടാവ് ദൈവവചനം ശരിയായി പഠിക്കണം. (2) അയാൾ പഠിപ്പിക്കുന്നതിൽ ദൈവവചനം മാത്രം ഉൾപ്പെടുത്തണം. കെട്ടുകഥയോ തമാശയോ അല്ല നാം ആളുകളെ രസിപ്പിക്കുവാൻ എടുക്കേണ്ടത്; അതു നാമധേയ വിഭാഗങ്ങളുടെ രീതിയാണ്.

പ്രസംഗ പീഠത്തിലേക്കു പോകുന്ന ഏതൊരാളും തന്റെ പ്രസംഗത്തേയും പ്രസംഗം കേൾക്കുന്നവരേയും കുറിച്ചു ചിന്തിക്കണം. അയാൾ സത്യമായിരിക്കണം സംസാരിക്കേണ്ടത്, കേൾക്കുന്നവർ അതു വിശ്വസിച്ച് അനുസരിച്ചാൽ എന്തായിരിക്കും ഫലം എന്നും ചിന്തിക്കണം. അതു ആളുകളെ ശക്തീകരിക്കയാണോ അതോ ബലഹീനമാക്കുകയാണോ എന്നു വിവേചിക്കണം. ഉപദേഷ്ടാവിനു ദൈവത്തോടും താൻ പ്രവർത്തിക്കുന്ന ഇടവകയോടും ഉത്തരവാദിത്വമുള്ളതു വിസ്മരിക്കരുത്. ന്യായവിധി നാളിൽ എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുൻപാകെ നില്ക്കും. പിൻമാറി പോയവരെയും ദൈവം കൂട്ടി വരുത്തും. അവരോടു ചോദിക്കും. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ പ്രസംഗിക്കാൻ ഉപദേഷ്ടാവ് ബാധ്യസ്ഥനാണ്. ഏതെങ്കിലും വിഷയം ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്നതു അപ്രധാനമെന്ന് കരുതി മാറ്റി വെക്കരുത്. ഏതെങ്കിലും വിഷയത്തിന്റെ ഒരു ഭാഗം മാത്രം എടുക്കുകയും മറ്റൊരു ഭാഗം വിട്ടുകളകയും ചെയ്യരുത്. എല്ലാ ആത്മാക്കളും ഒരുപോലെയാണ്. എല്ലാ രക്തങ്ങൾക്കും വിലയുണ്ട്. ദൈവം ആവശ്യപ്പെടുന്നതെല്ലാം അങ്ങനെ തന്നെ അറിയിക്കുവാൻ ഉപദേഷ്ടാവു തയ്യാറാകണം. ആളുകളുടെ അരുചിയോ ഇഷ്ടമോ നോക്കരുത്.

നമുക്ക് അറിയാവുന്നതിനേക്കാൾ കൂടുതൽ ചെയ്യുവാൻ നമുക്ക് ആർക്കും സാധ്യമല്ല. നാമധേയവിഭാഗക്കാരുടെ സാമൂഹ്യ അംഗീകാരവും സത്യത്തെ വിസ്മരിക്കലും ആത്മാർത്ഥതയുള്ള ഉപദേഷ്ടാവ് ചെയ്യുകയില്ല. ക്രിസ്തുവിന്റെ സുവിശേഷം കലർപ്പി

ല്ലാതെ പ്രസംഗിക്കണം. കാരണം അതിലാണ് രക്ഷിക്കുന്ന ശക്തി ഉള്ളത്. അവസാന വിധി നാളിൽ നാം വീണു പോയവരായി കാണ പ്പെടരുത്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം പ്രവർത്തിച്ചവരായി കാണപ്പെടണം. സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചവർ ആ പരി ജ്ഞാനത്തെയാണ് ജനങ്ങളിൽ എത്തിക്കേണ്ടത്. സത്യമാണ് ആളു കളെ ശുദ്ധീകരിക്കുന്നതും സ്വതന്ത്രമാക്കുന്നതും.

ഈ വിഷയത്തിന്റെ പ്രാധാന്യവും ആവശ്യകതയും കരുതി ക്കൊണ്ടാണ് പൗലൊസ് തിമൊഥെയൊസിനു എഴുതിയത്. അതു എല്ലാ ഉപദേഷ്ടാക്കൾക്കും ബാധകമാണ്. "അല്ലയോ തിമൊഥെ യൊസേ, നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപനിധി കാത്തുകൊണ്ട് ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധ മായ വൃഥാലാപങ്ങളെയും തർക്ക സൂത്രങ്ങളെയും ഒഴിഞ്ഞു നില്ക്ക" (1 തിമൊഥെയൊസ് 6:20).

പരിശുദ്ധാത്മാവു മുന്നറിയിച്ചിട്ടുള്ള വാക്കുകളെ മാറ്റുവാൻ നമുക്കധികാരമില്ല. അതിന്റെ വികാസത്തിനായി നാം ചിന്തിക്കേ ണ്ടതില്ല. വൃഥാലാപങ്ങൾ ആത്മാവിന് ആവശ്യമില്ലാത്തതത്രേ, തർക്കസൂത്രങ്ങളും ആത്മാവിന് പ്രയോജനമില്ലാത്തതാണ്. മറിച്ച് ദൈവമനസിൽ നിന്നും വന്ന സന്ദേശമാണ് ആത്മാക്കൾക്ക് ആവശ്യം. മനുഷ്യരുടെ മധുരിക്കുന്ന വാക്കുകളല്ല - പ്രയോജന ത്തിനും "ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാ സത്തിനും" ആയി നല്കപ്പെട്ടിരിക്കുന്നു. അതു ദൈവ മനുഷ്യർ സകലത്തിലും വകപ്രാപിച്ചു തികഞ്ഞവർ ആകേണ്ടതിനാണ്.

വരാനിടയുള്ള - അപകടത്തെയും സന്ദേശം മുന്നറിയിക്കു ന്നുണ്ട്. ആളുകൾ കർണ്ണരസമാകുമാറ് ഉപദേഷ്ടാക്കളെ പെരു പ്പിക്കും എന്നാണ് അറിയിച്ചിരിക്കുന്നത്. സ്വന്ത താല്പര്യങ്ങളെ യാണ് അവർ തൃപ്തിപ്പെടുത്തുന്നത്; അല്ലാതെ ദൈവതാല്പര്യ മല്ല. ആളുകൾ സത്യത്തെ വിട്ടു കെട്ടുകഥ കേൾപ്പാൻ തിരിയുന്ന കാലം വരുമെന്ന് അറിയിച്ചിരിക്കയാണ് (2 തിമൊഥെയൊസ് 4:1).

ഉപദേഷ്ടാവിന്റെ കഥകളെല്ലാം ഈ ലോകത്തിൽ തന്നെ അവ സാനിക്കുന്നതുകൊണ്ട് അതൊന്നും സഭയുടെ ആത്മിക വർദ്ധന വിന് ഉതകുന്നതല്ല. സഭയുടെ ആത്മിക വർദ്ധനവിന് ആത്മാവിന്റെ പ്രബോധനമാണ് ആവശ്യം. നാം ചെയ്യുന്നതെല്ലാം ഒരിക്കൽ വെളി

പ്പെട്ടു വരും. നമ്മുടെ പ്രയത്നം നിലനില്ക്കേണ്ടതാണെന്ന് എല്ലാ ഉപദേഷ്ടാക്കന്മാരും ചിന്തിക്കണം. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല. ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ പണിയുന്നുവെങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടു വരും. ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും. ഓരോരുത്തന്റെ പ്രവൃത്തി ഇന്നതെന്നു തീ തന്നേ ശോധന ചെയ്യും. ഒരുത്തൻ ചെയ്ത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തു പോയെങ്കിൽ, അവന്നു ചേതം വരും, താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽ കൂടി എന്ന പോലെ യത്രേ" (1 കൊരിന്ത്യർ 3:11-15).

ആകയാൽ ഉയരുന്ന ചോദ്യം "മനുഷ്യൻ എന്താണ് ഉപദേശിക്കുന്നത്? ദൈവത്തിന്റെ വചനമായ ശുദ്ധസ്വർണ്ണമാണോ? അതോ വൈക്കോലും മണ്ണുമായ സാമൂഹ്യ സുവിശേഷമാണോ?" അവൻ സത്യമാകുന്ന സ്വർണ്ണത്താൽ പണിതിട്ടുണ്ടെങ്കിൽ അവന്റെ പ്രയത്നം തീയിൽ കൂടെ കടന്നു സഹിഷ്ണുതയോടെ നിലനില്ക്കും. മനുഷ്യരുടെ ഉപദേശമായ കല്ലും, വൈക്കോലും, മരവുമൊക്കെ ആണെങ്കിൽ-അതു "വ്യർത്ഥാലാപത്തിനു" തുല്യമാകുന്നു - ലൗകിക ഉപദേശത്താൽ നേടിയ ആത്മാക്കൾ അവസാനം കാണുകയില്ല.

ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം. നിർബന്ധം എന്റെ മേൽ കിടക്കുന്നു. എന്റെ പ്രവർത്തനങ്ങൾ എല്ലാം അവസാനം എന്താകും? എനിക്കോ?"

★

## ദൈവത്തിന്റെ കരുണ

**ആൽബെർട്ട്. ജി**

ദൈവം മഹാ കരുണയും കൃപയും നിറഞ്ഞവനാണ്. കരുണ എന്ന വാക്ക് മിക്കവാറും എല്ലാവരും ഉപയോഗിക്കുന്നുണ്ട്. പൗലൊസിനെ വിചാരണക്കു കൊണ്ടുവന്നപ്പോൾ തെർത്തുല്ലോസ് ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് എന്നു കാണാം. ചില ഭരണാധികാരികൾ ദൈവ കരുണയെ മനസിലാക്കിയിട്ടുണ്ട്. നമുക്കറിയാം ദൈവം

ദീർഘ വീക്ഷണവും മുൻകാഴ്ച്ചയും ഉള്ളവനാണ്. ഒരു കാര്യം ചെയ്താൽ അതിന്റെ അനന്തരഫലം അപകടകരമോ അല്ലയോഎന്നു ദൈവത്തിനറിയാം. ചിലതു ദൈവം ചിലരിൽ ഒഴിവാക്കും. ആരോടു ദയയും കരുണയും കാണിക്കണം എന്നു ദൈവത്തിനറിയാം. നമ്മുടെ ഇഷ്ടപ്രകാരമല്ല അതു ദൈവം ചെയ്യുന്നത്. ദൈവത്തിൽ നിന്നു കരുണ ലഭിക്കുന്നതു മഹാഭാഗ്യമാണ്.

പുതിയ നിയമത്തിൽ ഈ വാക്ക് അധികമായി ദൈവത്തോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിട്ടില്ലെങ്കിൽ പോലും അതിന്റെ അർത്ഥം വരുന്ന മറ്റു വാക്കുകൾ കാണാം. ദൈവമാണ് സകലത്തെയും നിയന്ത്രിക്കുന്നത്. അവന്റെ കരുതൽ പലവിധത്തിൽ നാം അനുഭവിക്കുന്നുണ്ട്. പഴയനിയമ കാലത്തിലും പുതിയനിയമ കാലത്തിലും ദൈവത്തിന്റെ കരുണാധിക്യ പ്രകാരമുള്ള പ്രവൃത്തികൾ നമ്മുടെ ബുദ്ധിയെ തെളിയിക്കുന്നതാണ്. ദൈവത്താൽ പ്രത്യേകതയോടെ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ഈ ഭൂമിയിലാക്കിയ ഉദ്ദേശത്തെ തിരിച്ചറിഞ്ഞാൽ ഈ വിഷയം നമുക്കു ഗ്രഹിക്കാൻ പ്രയാസമില്ല.

നിങ്ങളെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്നതിനു വേണ്ടി നിങ്ങൾ എപ്പോഴെങ്കിലും ദൈവത്തോട് പ്രാർത്ഥിച്ചിട്ടുണ്ടോ? അവർ അങ്ങനെ ചെയ്തിട്ടുണ്ടോ? അതു കരുണാധിക്യ പ്രകാരം അവൻ ചെയ്യുന്നതാണ്. അല്ലാതെ അതു അത്ഭുതമല്ല. ചില ആളുകൾ വിചാരിക്കുന്നത് അവരുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നില്ല എന്നാണ്. കാരണം അവർ ദൈവത്തിന്റെ പ്രത്യേക ശബ്ദമോ ദൈവിക ദർശനമോ കാണാത്തതുകൊണ്ടാണ്. അവർക്കു സത്യാവസ്ഥ അറിയാത്തതുകൊണ്ടാണ്. എത്രയോ അപകടങ്ങൾ അവർക്കു വരാമായിരുന്നത് നീങ്ങിപ്പോയിട്ടുണ്ട്. അവ ഒഴിഞ്ഞുമാറുവാൻ ദൈവം അവസരം ഒരുക്കിക്കൊടുത്തിട്ടുണ്ട്. പക്ഷേ അവർ അതു തിരിച്ചറിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. അവൻ സർവ്വവും കാണുന്നുണ്ട്. നാം നമുക്കു നേരിടാനിടയുണ്ടായിരുന്ന പല അപകടങ്ങളും നമുക്കു കാണാൻ കഴിയുന്നില്ലെങ്കിലും ദൈവത്തിന്റെ മുൻകാഴ്ച്ചയാൽ അതെല്ലാം അവന്നു കാണുവാൻ കഴിയും.

അബ്രഹാം തന്റെ ഭാര്യയെ ഗേരാർ രാജാവ് അബിമെലേക്ക് എടുക്കാതിരിക്കാൻ അവൾ തന്റെ സഹോദരിയാണെന്ന് പറഞ്ഞു.

രാജാവിനെ അവൻ ഭയന്നതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. സഹോദരി എന്നു പറഞ്ഞുകൊണ്ട് സാറയെ അബിമെലേക്ക് എടുത്തു. "എന്നാൽ ദൈവം അബിമെലേക്കിനു രാത്രി ദർശനത്തിൽ പ്രത്യക്ഷനായി, അവനോടു പറഞ്ഞതു നീ എടുത്ത സ്ത്രീ നിമിത്തം നീ മരിക്കും. അവൾ ഒരു പുരുഷന്റെ ഭാര്യ എന്നു അരുളിച്ചെയ്തു. ഒരാൾ മറ്റൊരാളുടെ ഭാര്യയെ എടുക്കുന്നതു ഗൗരവമായ തെറ്റാണ്. ദൈവം പറയുന്നു അങ്ങനെ ചെയ്താൽ അവൻ മരിക്കും എന്ന്.

അബിമെലേക്ക് സാറയെ എടുക്കാതിരിക്കാൻ ദൈവം തടുത്തു. ദൈവം എത്രയെത്ര മോശമായ കാര്യങ്ങളെയാണ് നാം പാപത്തിൽ വീഴാതിരിക്കാൻ ദൈവം തടുത്തത് എന്ന് ഓർമ്മയുണ്ടോ? നാം ദൈവ മുൻപാകെ വിശ്വസ്തരായി ജീവിക്കുവാൻ ആഗ്രഹിക്കുന്നതു കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. അതു ദൈവത്തിന്റെ കരുണാധിക്യ പ്രകാരമാണ് ദൈവം പ്രവർത്തിക്കുന്നത്. ദൈവ ത്തിന്റെ സഹായവും കരുതലും നമ്മെ നേർപാതയിൽ വഴി നടത്തു വാൻ ഉപകരിക്കുന്നു എന്ന് നാം അറിയണം.

യഹോവ യാക്കോബിനോട് അവന്റെ പിതൃദേശത്തേക്കു മട ങ്ങിപ്പോകുവാൻ ആവശ്യപ്പെടുന്നുണ്ട്. അങ്ങനെ പോയാൽ ദൈവം അവനോടു കൂടെ ഉണ്ടാകും എന്നു അരുളിച്ചെയ്തു. അവൻ റാഹേ ലിനേയും ലേയയേയും വിളിച്ചു വരുത്തി അവരുടെ അപ്പൻ അവ നോട് ചെയ്തതെല്ലാം വിവരിച്ചു പറഞ്ഞു. "നിങ്ങളുടെ അപ്പൻ എന്നെ ചതിക്കുകയും, എന്റെ പ്രതിഫലം പത്തു പ്രാവശ്യം മാറ്റുകയും ചെയ്തു., എന്നാൽ ദൈവം എനിക്കു ദോഷം വരുത്താൻ അനുവദി ച്ചില്ല. ശ്രദ്ധിക്കുക ദൈവം അവനോടു കൂടെ ഇരിക്കും എന്നാണ് അരുളിച്ചെയ്തത്. ദൈവം അവനു ഒരു ദോഷവും വരുത്തുവാൻ അനുവദിച്ചില്ല എന്നതു തികച്ചും ദൈവത്തിന്റെ കരുണ തന്നെയാണ്.

യോസേഫിന്റെ ജീവിതത്തിലും ദൈവത്തിന്റെ കരുണ നാം കാണുന്നുണ്ട്. അവൻ തന്റെ ഉദ്ദേശം വെളിപ്പെടുത്തുകയുണ്ടായി. അവൻ മിസ്രയിമിൽ എത്തിയതു ദൈവത്തിന്റെ ഉദ്ദേശമെന്നായിരുന്നു അവൻ പറഞ്ഞത്. അവന്റെ സഹോദരന്മാരുടെ അസൂയയും പക യുമാണ് യോസേഫിനെ അവരിൽ നിന്നും അകറ്റിയത്. ഒടുവിൽ ദൈവം ആ പ്രദേശത്തിനു ക്ഷാമം വരുത്തിയപ്പോൾ അവർ ധാന്യ ത്തിനായി തങ്ങളുടെ സ്വന്തം സഹോദരന്റെ അടുക്കലാണ് ചെന്നു

ചേരുന്നത്. പക്ഷേ യോസേഫ് തന്റെ സഹോദരങ്ങളോട് ദയവു കാണിക്കയാണ് ചെയ്തത്.

യാക്കോബിനേയും മക്കളേയും ദൈവകരുണയാൽ സംരക്ഷിച്ചതിന്റെ ഉദ്ദേശം ക്രിസ്തു യെഹൂദ്യയിൽ നിന്നു ജനിക്കേണ്ടിയിരുന്നതുകൊണ്ടാണ്. യോസേഫിന്റെ ജീവിതത്തിൽ പല അനിഷ്ട സംഭവങ്ങളും ഉണ്ടായെങ്കിലും ദൈവം അവനെ സുരക്ഷിതമായി കാത്തു പരിപാലിച്ചു. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിരിക്കുന്നതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടുമില്ല. തിന്മയുടെ മേൽ നന്മ ജയിക്കുമെന്നും ദൈവമക്കൾക്ക് നേരിടുന്ന തിന്മകളെ നന്മകളാക്കാൻ ദൈവത്തിനു കഴിയുമെന്നും യോസേഫിന്റെ ജീവിതത്തിൽ തെളിയിച്ചു. ദൈവത്തിന്റെ കരുതൽ അവർണ്ണനീയം തന്നെ.

യെഹൂദ ജനങ്ങൾക്കെല്ലാം മരണഭീഷണി ഉയർന്ന സാഹചര്യത്തിൽ മോർദ്ദേഖായിയുടെ ഉചിതമായ ഇടപെടൽ എസ്തേർ 4:14-ൽ കാണുന്നു. എസ്തേർ രാജ്ഞിയായി തീർന്നപ്പോൾ മോർദ്ദേഖായിയുടെ ഉചിതമായ നിർദ്ദേശപ്രകാരം അവൾ പ്രവർത്തിച്ചതുകൊണ്ട് രാജാവിന്റെ അറിവു കൂടാതെ യെഹൂദജനത്തെ മുഴുവൻ സംരക്ഷിക്കയുണ്ടായി. എസ്തേറിനെ രാജ്ഞിയാക്കുന്നതും ഉണർന്നു പ്രവർത്തിക്കുന്നതുമെല്ലാം ദൈവത്തിന്റെ നടത്തിപ്പു തന്നെയായിരുന്നു. അതാണ് ദൈവകരുണ എന്നത്.

മോർദ്ദേഖായി എസ്തേറിനോട് പറഞ്ഞത് നീ ഇപ്പോൾ മിണ്ടാതിരുന്നാൽ ദൈവം മറ്റൊരു വഴിയിൽ തന്റെ ജനത്തെ സൂക്ഷിക്കും. എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചു പോകും. ഇതിനല്ലേ ഇപ്പോൾ നിന്നെ രാജധാനിയിലേക്കും പ്രമുഖ സ്ഥാനത്തേക്കും ആക്കിയിരിക്കുന്നത് എന്ന് ആർക്കറിയാം?

നിങ്ങൾ എവിടെയായിരിക്കുന്നുവോ അവിടെ ദൈവികമായ ഒരു ഉദ്ദേശം കാണും. നിങ്ങൾ അതു മനസിലാക്കി പ്രവർത്തിച്ചാൽ അതിന്റെ പ്രതിഫലം വലുതായിരിക്കും; അതു പ്രാവൃത്തികമാക്കാൻ ദൈവത്തിന്റെ കരുതലും തുണയും നിങ്ങൾക്ക് ഉണ്ടാകും. ഇന്ന് സുവിശേഷം അറിയിക്കുന്നതിന് അവസരങ്ങൾ അനവധി തുറന്നിരിക്കുന്നു. നിങ്ങളെ വിളിച്ച് അവന്റെ രാജ്യത്തിലാക്കിയിരിക്കുന്നത് അവന്റെ സൽഗുണങ്ങളെ ഘോഷിക്കുന്നതിനാണ്. ഇക്കാലം അതിനുള്ളതാണ്. സമയം തക്കത്തിൽ ഉപയോഗിക്കണം. അവസരം

എപ്പോഴും കിട്ടിയെന്നു വരികയില്ല. ദൈവം തരുന്ന അവസരം നാം ഉപയോഗിക്കണം.

ദൈവത്തെ സ്നേഹിച്ച് അവന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ദൈവം സകലവും നന്മക്കായി പ്രവർത്തിക്കും എന്നറിയുക (റോമർ 8:28). അതായതു ദൈവത്തിന്റെ നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് ദൈവം ചെയ്യുന്ന ഉപകാരങ്ങൾ പ്രകടമായിരിക്കും. "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചു കൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും" (സദൃശവാക്യങ്ങൾ 3:5,6).

"എന്നെ ശക്തനാക്കുന്നവൻ മൂലം ഞാൻ സകലത്തിനും മതിയായവൻ" എന്ന് അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയർക്കു ലേഖനം എഴുതുമ്പോൾ പറഞ്ഞു - (ഫിലിപ്പിയർ 4:13). "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തു യേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ" (എഫെസ്യർ 3:20, 21). "യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക യഹോവയിൽ തന്നേ രസിച്ചുകൊൾക അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യെഹോവയിൽ ഭരമേല്പിക്ക; അവനിൽ തന്നെ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും" (സങ്കീർത്തനങ്ങൾ 37:3-5).

നിങ്ങൾ ദൈവത്തിന്റെ കരുണ ആസ്വദിച്ചിട്ടില്ലെങ്കിൽ കർത്താവിന്റെ ഉപദേശത്തിൽ വിശ്വസിക്കയും പാപങ്ങളിൽ നിന്നു വിട്ടുതിരിയുകയും ചെയ്തു. ക്രിസ്തു ദൈവപുത്രൻ എന്ന് ഏറ്റുപറഞ്ഞു പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുക. അപ്പോൾ കർത്താവ് നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്നു അവന്റെ വചനപ്രകാരം വിശ്വസ്തമായി ജീവിച്ചാൽ ദൈവ കരുണയാൽ അവൻ നിങ്ങളെ സഹായിച്ച്, സംരക്ഷിച്ച്, നിങ്ങളെ വഴി നടത്തുവാൻ അനുവദിച്ചാൽ അവൻ നിങ്ങളെ വഴി നടത്തുക തന്നെ ചെയ്യും.

★

# വീണ്ടും ജനിക്കുന്നത് എങ്ങനെ?

## സണ്ണി ഡേവിഡ്

ജനങ്ങൾ എങ്ങനെയാണ് അധർമ്മം പ്രവർത്തിച്ചത്? കർത്താവിന്റെ ഉപദേശം അവർ സ്വീകരിച്ചില്ല, പഠിച്ചില്ല, ഉപദേശിച്ചില്ല, ദൈവത്തിന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്നത് അവർ പരിശീലിക്കയോ മറ്റുള്ളവരെ പരിശീലിപ്പിക്കയോ ചെയ്തില്ല. അതിനു പകരമായി കർത്താവ് പ്രസ്താവിക്കാത്തതു പഠിപ്പിക്കയും ആചരിപ്പിക്കയും ചെയ്തു. ആകയാൽ കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന ഏവരുമല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരത്രെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് (മത്തായി 7:21).

കർത്താവ് കല്പിച്ചിട്ടുള്ള കാര്യങ്ങൾ തീർച്ചയായും അറിയുവാൻ ഉള്ള ഏക മാർഗ്ഗം തന്റെ വചനങ്ങൾ രേഖപ്പെടുത്തിയ പുസ്തകത്തിലേക്കു തിരിയണം. ശ്രദ്ധാപൂർവ്വം അത് വായിച്ചു നോക്കണം. അതിൽ എഴുതിയിരിക്കുന്ന പ്രകാരമാണോ നാം ജീവിക്കുന്നത് എന്ന് പരിശോധിക്കണം. ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുൻപ് അപ്പൊസ്തലനായിരുന്ന യോഹന്നാൻ ഒരു മുന്നറിയിപ്പ് നൽകുന്നുണ്ട്. "പ്രിയമുള്ളവരേ, കള്ള പ്രവാചകർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവരോ എന്ന് ശോധന ചെയ്വിൻ" (1 യോഹന്നാൻ 4:1). വേദപുസ്തകം തന്നിരിക്കുന്നത് നമുക്ക് വായിച്ചു ഗ്രഹിച്ചു അനുസരിക്കുവാനാണ്. അല്ലാതെ അത്രയും അശ്രദ്ധമായി കൈകാര്യം ചെയ്യാനോ അവഗണിക്കാനോ അല്ല. ആത്മീയകാര്യങ്ങളെ വിവേചിക്കുവാനും ദൈവിക നിർദ്ദേശങ്ങളെ മാത്രം സ്വീകരിപ്പാനും മനുഷ്യന്റെ ബുദ്ധിയെ പ്രകാശിപ്പിക്കേണ്ടതിനു തന്നിരിക്കുന്ന ഒരു പരിശോധനക്കുള്ള ഉപകരണമായി തിരുവെഴുത്തിനെ നമുക്കു കാണാം. അതു നാം പ്രയോജനപ്പെടുത്തണം. ഏതൊരു വ്യക്തിയുടേയും കാലടികളെ സ്വാധീനമാക്കാൻ സ്വയമായി കഴികയില്ല. അതിനാൽ ദൈവത്തിന്റെ സഹായം കൂടിയേ തീരു. നാം കേൾക്കുകയും വായിക്കുകയും ചെയ്യേണ്ടത് ദൈവത്തിന്റെ അരുളപ്പാടാണ്. അവ പ്രമാണിക്കുവാൻ നാം ധൈര്യം ആർജിക്കണം.

വീണ്ടും എന്താണ് സത്യവേദപുസ്തകം വെളിപ്പെടുത്തുന്ന ഉപദേശം? അപ്പൊസ്തല പ്രവർത്തികൾ രണ്ടാം അദ്ധ്യായത്തി

ലേക്കു കടക്കാം. യേശുക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നിവക്കുശേഷം കർത്താവിന്റെ ആജ്ഞയാൽ പത്രൊസ് സുവിശേഷപ്രസംഗം ആദ്യമായി നടത്തുകയാണ്. വലിയൊരു പുരുഷാരം അവിടെ സന്നിഹിതരായിരിക്കുന്നു. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ ഏവരും രക്ഷിക്കപ്പെടും എന്ന സന്ദേശവും ആ പ്രസംഗത്തിൽ പ്രസ്താവിക്കയുണ്ടായി (പ്രവൃത്തി 2:21). എന്നാൽ അന്ന് അപ്പൊസ്തലർ ആരും തന്നെ, പാപം ക്ഷമിച്ചു കിട്ടേണ്ടതിനു പ്രാർത്ഥിക്കണമെന്നു ആവശ്യപ്പെടുകയുണ്ടായില്ല. കാരണം പാപികളുടെ പ്രാർത്ഥനകൊണ്ടു മാത്രം അവരുടെ പാപങ്ങൾ മോചിക്കപ്പെടുകയില്ല എന്നു അവരെ കർത്താവ് പഠിപ്പിച്ചിരുന്നു. പാപികൾ പ്രാർത്ഥിക്കേണ്ട എന്നല്ല ഇവിടെ പറയുന്നത്. പിന്നെയോ രക്ഷിക്കപ്പെടുവാനായി അവരുടെ പ്രാർത്ഥന കൊണ്ടു മാത്രം പ്രയോജനമില്ല എന്നർത്ഥം. പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവേഷ്ടം ചെയ്യുന്നവരുടെ പ്രാർത്ഥനക്കു ദൈവം മറുപടി നല്കും എന്നും രേഖപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 9:31).

ഈ സന്ദർഭത്തിൽ യേശുക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം കേട്ട ആളുകൾ അവനിൽ വിശ്വസിച്ചു. മാത്രമല്ല, കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു രക്ഷ പ്രാപിപ്പാൻ എന്തു ചെയ്യണമെന്ന് അപ്പൊസ്തലന്മാരോട് അവർ ചോദിക്കുകയുണ്ടായി. അതായത് അവരുടെ പാപങ്ങൾ മോചിച്ചു കിട്ടേണ്ടതിന് അവർ എന്താണ് ചെയ്യേണ്ടത് എന്നായിരുന്നു അവരുടെ സംശയം. അപ്പൊസ്തലനായിരുന്ന പത്രൊസ് അവരോട്: നിങ്ങൾ മാനസാന്തരപ്പെട്ട്, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. തുടർന്നു നാം വായിക്കുമ്പോൾ അവർ വചനം കൈക്കൊണ്ടു; മൂവായിരത്തോളം പേർ സ്നാനമേറ്റു. കർത്താവ് അവരുടെ പാപങ്ങൾ മോചിച്ചു കൊടുക്കയും അവരെ രക്ഷിക്കയും അവൻ അവരെ തന്റെ സഭയോടു ചേർക്കുകയും ചെയ്തു (പ്രവൃത്തി 2:38, 41, 47) എന്നു കാണാം. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ട കാര്യം കർത്താവ് കല്പിച്ച കല്പനകളാണ് നാം അനുസരിക്കേണ്ടത്. കാരണം നമ്മെ രക്ഷിക്കുന്നത് ക്രിസ്തുവാണ് (പ്രവൃത്തി 4:12).

ദൈവശ്വാസിയരായ അപ്പൊസ്തലന്മാരും പ്രവാചകന്മാരും ദൈവത്തിന്റെ ഇഷ്ടം എന്തെന്നു പരിശുദ്ധാത്മാവ് അവരെ നേരിട്ട് ഓർമ്മിപ്പിച്ചു സംസാരിക്കയും എഴുതുകയും ചെയ്തു. അതു വായിച്ചു മനസ്സിലാകത്തക്ക രീതിയിൽ ഇന്ന് എല്ലാവർക്കും ലഭ്യമാണ് (യോഹന്നാൻ 14:26; 16:12, 14; 2 തിമൊഥെയൊസ് 3:16, 17; 2 പത്രൊസ് 1:20, 21). ആത്മാവിന്റെ വചനങ്ങൾ കേൾക്കുമ്പോൾ അതിനോട് തർക്കിക്കാനോ വാദിച്ചു ജയിക്കാനോ നോക്കരുത്. ദൈവത്തോടു തർക്കിച്ചു ജയിക്കാൻ ആരാലും സാദ്ധ്യമല്ല. മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപമോചനത്തിനായി കർത്താവിന്റെ നാമത്തിൽ നിങ്ങൾ സ്നാനമേല്ക്കുമ്പോൾ വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കയാണ്. പഴയ ജീവിതത്തെ പൂർണ്ണമായി ഉപേക്ഷിച്ച് ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ് യേശുക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കാളിയാകുന്നത് (റോമർ 6:1-4). ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി തീരുന്നു

വീണ്ടും ജനിക്കുവാൻ ക്രിസ്തു കല്പിച്ചിട്ടില്ലാത്ത മാർഗ്ഗത്തിലൂടെ അത് ലഭിക്കുമെന്ന് ആരും പ്രതീക്ഷിക്കണ്ട. യേശു പഠിപ്പിച്ച രീതിയിലുള്ള മാർഗ്ഗം അനുസരിക്കുകയാണ് ഓരോരുത്തരും ചെയ്യേണ്ടത്. നിങ്ങളുടേയും എന്റെയും ആത്മാവ് വിലയുള്ളതാണ്. കാര്യഗൗരവത്തോടെ ആത്മാവിന്റെ രക്ഷക്കുവേണ്ടി ദൈവത്തെ അനുസരിക്കുക.അതാകുന്നു സകല മനുഷ്യർക്കും വേണ്ടത്.

## നമ്മുടെ ഭീതിയെ എങ്ങനെ അതിജീവിക്കാം?

**ക്ലേം തർമാൻ**

വനാന്തരങ്ങളിൽ വസിക്കുന്ന ആളുകളിലും നഗര പ്രാന്തങ്ങളിൽ വസിക്കുന്ന ആളുകളിലും മിക്കവാറും എല്ലാവരിലും കുടികൊണ്ടിരിക്കുന്ന പ്രതിഭാസമാണ് ഭയം. ഏകാന്തത, ദാരിദ്ര്യം, തള്ളിക്കളയൽ, രോഗം, പരാജയം, തള്ളിപ്പറയൽ, ഒറ്റിക്കൊടുക്കൽ, മരണം എന്നു തുടങ്ങി അനേകം കാര്യങ്ങളിൽ മനുഷ്യർ ഇന്നു ഭയം അഥവാ ഭീഷണി നേരിടുകയാണ്. ഇവയെല്ലാം നമ്മുടെ ജീവിതത്തിന്റെ ഓരോ ഭാഗമാണെന്നു പ്രസിദ്ധ നോവലുകളും സിനിമാ

കഥകളും ചിത്രീകരിച്ചു വരുന്നു. നാം ഉണർന്നിരിക്കുമ്പോൾ നമ്മുടെ ചിന്തകളിൽ കടന്നു വരും. ഉറങ്ങുമ്പോൾ അത് സ്വപ്നങ്ങളിൽ കടന്നു വരും. ഈ ഭീതികളിൽ നിന്നു നമ്മുടെ ജീവിതത്തെ കരകയറ്റുവാൻ ഒരു സഹായം ആവശ്യമാണ്. അതു ലഭ്യവുമാണ് എന്നു നാം ഓർമ്മിക്കണം.

യേശുക്രിസ്തു തന്റെ ശിക്ഷ്യന്മാരെ വിട്ടു പിരിഞ്ഞ് പിതാവിന്റെ അടുക്കലേക്കു മടങ്ങി പോകുന്നതിനു മുൻപ് അവരെ ആശ്വസിപ്പിക്കുന്നുണ്ട്. "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; ലോകം തരുന്നതു പോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭ്രമിക്കയുമരുത്" (യോഹന്നാൻ 14:27). ഭയപ്പാടിന്റെ ശക്തി യേശുക്രിസ്തുവിന് അറിയാമായിരുന്നു. ഇന്നു ലോകത്തിന്റെ പല ഭാഗങ്ങളിലും നിലനില്ക്കുന്ന സ്വേച്ഛാധിപത്യത്തിന്റെ ഭീതി അന്നത്തെ തലമുറയിലും അനുഭവപ്പെട്ടിരുന്നു. ചാട്ടവാറിന്റെയും ക്രൂരമർദ്ദനത്തിന്റെയും കാലഘട്ടമായിരുന്നു അത്. പ്രത്യേകിച്ച് റോമിന്റെ നിഷ്ഠൂരഭരണത്താൽ വേദന കടിച്ചമർത്തുന്ന എത്രയോ ആളുകൾ അന്നുണ്ടായിരുന്നു. യുദ്ധത്തിന്റെ ഫലമായി ഭാരിച്ച നികുതി ചുമത്തിയതു നിമിത്തം ഒരു പാടു പേർ കൊടുംപട്ടിണിയെ നേരിട്ടിരുന്നു. അങ്ങനെയുള്ള ആളുകളുടെ മദ്ധ്യത്തിൽ ജീവിക്കേണ്ട ശിക്ഷ്യന്മാരോടാണ് കർത്താവ് പറഞ്ഞത് "എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു." സമാധാന പ്രഭുവാണ് കർത്താവ് (യെശയ്യാവ് 9:6). ഭയപ്പെട്ടു കഴിയുന്ന ആത്മാക്കൾക്കു ക്രിസ്തു ഇന്നും സമാധാനം നല്കുവാനിടയുണ്ട്. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ (യോഹന്നാൻ 14:1).

## വിശ്വാസത്തോടു കൂടി മാത്രമേ ഭീതിയെ അതിജീവിക്കാൻ പറ്റു

ഭയം കണ്ടില്ലെന്നു നടിച്ചു കൂടാ. മനസിനെ അലങ്കോലപ്പെടുത്തുവാനായി നുഴഞ്ഞു കയറുകയും ആത്മാവിനെ നശിപ്പിക്കത്തക്കവണ്ണം വ്യാപരിക്കയും ചെയ്യും അത്. ദൈവം ആഗ്രഹിക്കുന്ന പൂർണ്ണമായ സന്തോഷകരമായ ജീവിതത്തെ അതില്ലാതാക്കുന്നു. വിശ്വാസം മുഖാന്തരമല്ലാതെ ഭീതിയെ അതിജീവിക്കുവാൻ സാദ്ധ്യ

മല്ല. "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പാൻ കഴിയുന്ന തല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേ ണ്ടതല്ലോ." (എബ്രായർ 11:6). പഴയനിയമത്തിലും പുതിയനിയമത്തിലു നാം വായിക്കുന്നത് "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നത്രേ (റോമർ 1:17). ഈ സൂചനയാണ് യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായത്തിൽ യേശുക്രിസ്തു നല്കിയതും. പിതാവായ ദൈവത്തിലും പുത്രനായ ക്രിസ്തുവിലും വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യം നാം വിസ്മ രിക്കരുത്.

ഗലീലാക്കടലിൽ ഒരു ദിവസം കാറ്റ് ആഞ്ഞടിച്ചപ്പോൾ പടക വല്ലാതെ ഉലയുവാൻ തുടങ്ങി. യേശുവും ശിഷ്യന്മാരും പടകിൽ ഉണ്ടാ യിരുന്നു. യേശുവോ ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ അവനെ പെട്ടെന്ന ഉണർത്തി പറയുന്നു: "കർത്താവേ രക്ഷിക്കേണമേ; ഞങ്ങൾ നശിച്ചുപോ കുന്നു." അവൻ അവരോട്: അല്പ വിശ്വാസികളേ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്ത് എന്നു പറഞ്ഞശേഷം എഴുന്നേറ്റു കാറ്റിനേയും കടലി നേയും ശാസിച്ചപ്പോൾ വലിയ ശാന്തത ഉണ്ടായി (മത്തായി 8:26-27) കർത്താവിന്റെ സഹായത്താൽ പത്രൊസിനു, ഭയം അവനെ നിയന്ത്രിക്കു ന്നതുവരെ വെള്ളത്തിന്മേൽ നടക്കുവാൻ കഴിഞ്ഞു. എന്നാൽ അവൻ കാറ്റു കണ്ട് പേടിച്ചു മുങ്ങി തുടങ്ങുകയാൽ, കർത്താവേ രക്ഷിക്കേണമേ എന്നു നിലവിളിച്ചു. യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ച് അല്പ വിശ്വാസിയായ നീ എന്തിനു സംശയിച്ചു എന്നു ചോദിച്ചു (മത്തായി 14:30 -31). വിശ്വാസ പക്ഷത്തിന്റെ എതിരാണ് ഭയപ്പാട്. ഭീതി നീക്കുവാനുള്ള വഴി എന്ത് എന്നതിനുള്ള ഏക ഉത്തരമാണ് വിശ്വാസം. വിശ്വാസം ഉള്ളേ ടത്ത് ഭയം നീങ്ങി പോകുന്നു.

പൗലൊസ് തിമൊഥെയൊസിന് എഴുതിയ ലേഖനത്തിൽ വിവരി ക്കുന്നതു നോക്കുക. "അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു അറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷി പ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു (2 തിമൊഥെയൊസ് 1:12). അപ്പോൾ വിശ്വാസത്താൽ നമ്മുടെ മനസിൽ കടന്നു വരുന്ന ഭീതിയെ അതിജീവി ക്കാം. അതേ അപ്പൊസ്തലൻ എഴുതിയിരിക്കുന്നത്: എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സക

ലവും നന്മക്കായി കൂടെ വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ? സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടു കൂടെ സകലവും നമുക്കു നല്കാതിരിക്കുമോ? അങ്ങനെയുള്ള ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, നഗ്നതയോ, പട്ടിണിയോ, ആപത്തോ, വാളോ? "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു," എന്നു എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു (റോമർ 8:28-37). ധാരാളം പേരെ ക്രിയാത്മക ശേഷിയില്ലാത്തവരാക്കി മാറ്റുന്ന ഭീതി നീങ്ങി കിട്ടുവാൻ അവർ തങ്ങളുടെ ആശ്രയം ശക്തനായ ദൈവത്തിൽ അർപ്പിക്കണം.

## അതിജീവിക്കുന്ന വിശ്വാസം അനുസരണമുള്ള വിശ്വാസമാണ്

ദാവീദ് തന്റെ സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതു വായിക്കുക. ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു (സങ്കീർത്തനങ്ങൾ 46:1). ഒരാളുടെ ജീവിതത്തിൽ ഭയമെന്ന കരിനിഴൽ വീഴുമ്പോൾ അയാൾ പ്രാർത്ഥനക്കും തിരുവെഴുത്തുകൾ വായിച്ചു ഗ്രഹിക്കുന്നതിനും അധികം സമയം ചിലവഴിക്കണം. വിശ്വാസത്താൽ ജീവിക്കുക എന്നു പറഞ്ഞാൽ ഇതു മാത്രമല്ല. യേശുക്രിസ്തു കല്പിച്ച മാതൃകയിലുള്ള ഒരു ജീവിതമാണ് നാം ഓരോ ദിവസവും നയിക്കേണ്ടത്. ജീവിതത്തിലെ നമ്മുടെ എല്ലാ വശങ്ങളും സംയോജിപ്പിച്ച പ്രവർത്തനനിരതമായ ഒരു ജീവിതമാണ് ക്രിസ്തീയ ജീവിതം. ഒളിച്ചോടി രക്ഷപെടാൻ ശ്രമിക്കുന്ന ഒന്നല്ല എന്നർത്ഥം. നാം ഏതു തരത്തിലുള്ള ജീവിതമാണ് നയിക്കേണ്ടതെന്നു ക്രിസ്തു ആയിരിക്കണം തീരുമാനിക്കേണ്ടത്. നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നത് ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത് എന്ന് കർത്താവ് ചോദിക്കാൻ കാരണമതാണ് (ലൂക്കൊസ് 6:46).

ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ എന്നു അപ്പൊസ്തലനായ യോഹന്നാനും എഴുതിയിരിക്കുന്നു (1 യോഹന്നാൻ 5:4). പക്ഷേ ആ വിശ്വാസം അനുസരണമുള്ള വിശ്വാസമാണ്. എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ (യാക്കൊബ് 1:22). പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമത്രെ. വെറും വിശ്വാസത്താൽ നാം നീതീകരിക്കപ്പെടുന്നില്ല. രക്ഷിപ്പാൻ കഴിയാത വണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല. കേൾപ്പാൻ കഴിയാത വണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല (യെശയ്യാവ് 59:1). നമ്മിൽ ഭീതി പരത്തുന്നത് സാത്താനാണ്. ആ നിയന്ത്രണത്തിൽ നിന്നും നാശകരമായ ഭയത്തിൽ നിന്നും സ്വതന്ത്രമാകുവാൻ നാം വെളിച്ചത്തിൽ നടക്കണം. അപ്പോൾ കർത്താവിന്റെ കൂട്ടായ്മ നമുക്ക് ഉണ്ടാകും. ആകുല ചിന്തയും, ഭയവും, ആധിയും എല്ലാം നമ്മെ കീഴ്പ്പെടുത്തുന്നത് നാം ലോകത്തെ അനുസരിച്ച് പാപ വഴിയിൽ സഞ്ചരിക്കുന്നതുകൊണ്ടാണ്. നമ്മുടെ പഴയ മനുഷ്യനെ ക്രിസ്തുവിനോടു കൂടെ ക്രൂശിൽ തറെച്ച്, വെള്ളത്തിൽ അടക്കം ചെയ്ത്, വെള്ളത്തിൽ നിന്നു കയറുമ്പോൾ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് ഒരു പുതിയ മനുഷ്യനായി എഴുന്നേല്ക്കുന്നു (റോമർ 6:3–4). വിജയകരമായ വിശ്വാസത്താൽ നാശകരമായ ആധിയെ ഇല്ലാതാക്കാൻ കഴിയും. മരണത്തെ മുഖാമുഖമായി കണ്ടിട്ടും പൗലൊസിനു ഇങ്ങനെ പറയുവാൻ കഴിഞ്ഞത് അതുകൊണ്ടാണ്. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു എന്ന് (ഫിലിപ്പിയർ 1:21). അവൻ തന്റെ ജീവിതം ക്രിസ്തുവിനു വേണ്ടി നയിച്ചിരുന്നതു കൊണ്ട് എന്തുതന്നെ സംഭവിച്ചാലും കുഴപ്പമില്ല എന്ന വിശ്വാസം അവനുണ്ടായിരുന്നു. കാരണം മരിച്ചാലും ക്രിസ്തുവിനോടു കൂടെ എന്നേക്കും ജീവിക്കാമല്ലോ എന്ന പ്രത്യാശ അവനുണ്ടായിരുന്നു. ആ പ്രത്യാശ അവൻ അവസാനത്തോളം കാത്തുസൂക്ഷിച്ചിരുന്നു. നാമും നമ്മുടെ പ്രത്യാശ അവസാനത്തോളം കാത്തുസൂക്ഷിക്കേണ്ടതാണ്.

★

# വാർത്തകൾ

## കണ്ടക്ടർക്ക് കൈക്കൂലി നൽകിയില്ല; പൂജാരിക്ക് പീഡനം, പിരിച്ചുവിടൽ

നൂറുരൂപ കൈക്കൂലി നൽകാത്തതിലുള്ള കെ.എസ്.ആർ.ടി.സി. കണ്ടക്ടറുടെ അരിശം ക്ഷേത്രപൂജാരിയായ എൻ.രഘുപതി അയ്യർക്കു നൽകിയത് ഒരു രാത്രി നീണ്ട പൊലീസ് സ്റ്റേഷൻവാസവും പൂജാരി സ്ഥാനത്തുനിന്നുള്ള പിരിച്ചുവിടലും.

ഏറെനാളത്തെ ആഗ്രഹത്തിനും കാത്തിരിപ്പിനുമൊടുവിൽ, രഘുപതിയും ഭാര്യ ഗോമതി അമ്മാളും ചേർന്നൊരുക്കിയ കൊല്ലമ്പുഴ തിരുവാറാട്ടുകാവിലെ അരിയിട്ടുവാഴ്ചയെക്കുറിച്ചുള്ള ഭക്തിഗാന കസെറ്റിന്റെ പ്രകാശനവും മുടങ്ങി. തിരുവിതാംകൂറിന്റെ പരദേവതാസ്ഥാനമാണ് തിരുവാറാട്ടുകാവ്. കസെറ്റ് പ്രകാശനത്തിനായി തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾ ഉൾപ്പെടെയുള്ളവർ തിരുവാറാട്ടുകാവിലെത്തി കാത്തിരുന്ന് മടങ്ങുകയായിരുന്നു.

★

## മരത്തിൽ കയറി രാത്രി ആത്മഹത്യ ഭീഷണി; മരം മുറിച്ച് നിലത്തിറക്കി

വീടിനു സമീപം റോഡരുകിലെ മരത്തിൽ കയറിയിരുന്ന് രാത്രി മുഴുവൻ ആത്മഹത്യാ ഭീഷണി മുഴക്കിയ യുവാവിനെ പൊലീസും ഫയർഫോഴ്സും ചേർന്ന് മരച്ചില്ല മുറിച്ച ശേഷം താഴെയിറക്കി. നെട്ടയം ആശ്രമം റോഡിൽ ആശ്രമത്തിന് സമീപം വിജയൻ (25) ആണ് ചൊവ്വാഴ്ച രാത്രി മരത്തിൽ കയറി ഭീഷണി മുഴക്കിയത്. വട്ടിയൂർക്കാവ് എസ്.ഐ.രജികുമാറിന്റെ നേതൃത്വത്തിൽ പൊലീസെത്തി താഴെയിറക്കാൻ ശ്രമിച്ചെങ്കിലും വഴങ്ങിയില്ല. തുടർന്നാണ് ഫയർഫൊഴ്സിനെ വിവരം അറിയിച്ചത്.

★

## നല്ല പൊലീസുകാർ നിസ്സഹായരാണ്

കുലുഗംഗ കലങ്ങിയിട്ടുണ്ട്. കരകവിഞ്ഞൊഴുകുന്നു. പെരിയാറോളം വരില്ല. അക്കരെ ഒരു ബുദ്ധവിഹാരം. അതിന്റെ ഉയരം കൂടിയ ചുമരിൽ ഇന്നലെയോ മിനിഞ്ഞാന്നോ പുഴ എഴുതിവച്ചിറ

അടിയ ക്ഷോഭവാക്യം മാഞ്ഞിട്ടില്ല. പാലം കടക്കുമ്പോൾ ചിത്രാൾ അതു കാണിച്ചു തന്നു. പുഴവക്കിലെ വലിയ അരയാലിനു പല നൂറ്റാണ്ടുകളിലെ പ്രളയത്തെ അതിജീവിച്ച ചരിത്രമുണ്ടെന്നു വക്കീൽ വിക്രം ഗുണസിംഗെ പറഞ്ഞു. ഇനി എത്രനാൾ ഇതു വീഴാതെ നിൽക്കും? മണ്ണൊലിച്ചുപോയി ആറ്റിലേക്കുള്ള വേരെല്ലാം എഴുന്നു. ഇന്ത്യയിലെപ്പോലെ പാരിസ്ഥിതികാവബോധം ഇവിടെയില്ല സർ. ഞങ്ങളിപ്പോഴും പ്രാകൃത ട്രൈബുകളെപ്പോലെയാണ്. പകയും കലാപവും പോരും കൊലയും കടന്നു വളർന്നിട്ടില്ല. ആകെയുള്ള പുതുബോധം മനുഷ്യാവകാശവും ക്രിക്കറ്റും സിനിമയുമാണ്. വക്കീൽ വാചാലനായി.

★

## മൂന്നു വട്ടം ഉണ്ണികൃഷ്ണൻ ജയിച്ചു; നാലാം തവണ മരണവും

ഒരിക്കൽ മരണമൊരുക്കിയ കുഴിമാടത്തിൽ വീഴാതെ ജീവിതത്തിലേക്കു മടങ്ങി. പിന്നെ തെങ്ങിൽ നിന്നു പിടിവിട്ടു വീണപ്പോഴും ആഴക്കിണറിലേക്കു തലകുത്തി വീണപ്പോഴും മരണത്തിനു മുകളിൽ ജീവിതം വലവിരിച്ചു കാത്തു. പക്ഷേ, നാലാം വട്ടം രോഗവും അപകടവും കോർത്തുണ്ടാക്കിയ കെണിയിൽ ഉണ്ണികൃഷ്ണൻ വീണു. മൂന്നു വട്ടം മരണത്തെ തോൽപ്പിച്ച ഒറ്റപ്പാലം എസ്.ആർ.കെ.നഗർ കണിയത്ത് ഉണ്ണികൃഷ്ണനാണ് അപസ്മാര ബാധയെത്തുടർന്ന് വീടിനടുത്ത് കുളത്തിൽ മുങ്ങി മരിച്ചത്.

★

## മഹാബലിയുടെ ഭരണം കൊണ്ടുവരാൻ ശ്രമം: വി.എസ്.

കള്ളത്തരങ്ങൾ ഒന്നുമില്ലാത്ത മഹാബലിയുടെ കാലത്തെ ഭരണം കേരളത്തിലും ഇന്ത്യയിലും കൊണ്ടുവരാനാണു തങ്ങൾ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ. സിവിൽ സപ്ലൈസ് കോർപറേഷന്റെ ഓണം മെട്രോഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

★

## ദേശീയ പാത 17ൽ 421 കിലോമീറ്റർ നാലുവരിയാക്കാൻ നീക്കം

ദേശീയ പാത 17ൽ 421 കിലോമീറ്റർ നാലുവരിപ്പാതയാക്കാനുള്ള വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണെന്നും വാളയാർ മുതൽ വൈറ്റില ജംങ്ഷൻവരെ നാലുവരിപ്പാത നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ഗതാഗത സഹമന്ത്രി കെ.എച്ച്.മുനിയപ്പ പി.സി. തോമസിനെ ലോക്സഭയിൽ അറിയിച്ചു.

★

## കാലിൽ ഗ്രനേഡ് ചീളുമായി കുഞ്ഞു ജനിച്ചു

ഗർഭപാത്രത്തിനുള്ളിൽ വച്ചുതന്നെ ഭീകരതയുടെ ക്രൂരതയ്ക്കിരയായ കുഞ്ഞു പിറന്നു. കാലിൽ ഗ്രനേഡിന്റെ ചീളുമായി. മണിപ്പൂരിലെ ഇസ്കോൺ ക്ഷേത്രത്തിൽ 16ന് ഉണ്ടായ ഗ്രനേഡ് ആക്രമണത്തിൽ പരുക്കേറ്റവരിൽ ഈ കുഞ്ഞിന്റെ അമ്മയുമുണ്ടായിരുന്നു. തുളച്ചുകയറിയ ഗ്രനേഡ് ചീളുകൾ അമ്മയുടെ വയറും കടന്നു ഗർഭസ്ഥ ശിശുവിന്റെ ശരീരത്തിൽ തറച്ചു. ശസ്ത്രക്രിയയിലൂടെ പുറത്തെടുത്ത കുഞ്ഞിന്റെ കാലിലുണ്ടായിരുന്ന അര സെന്റിമീറ്റർ നീളമുള്ള ഗ്രനേഡ് കഷണം പിന്നീടു നീക്കം ചെയ്തു. അമ്മയും കുഞ്ഞും അപകടനില പിന്നിട്ടതായി ആശുപത്രി അധികൃതർ അറിയിച്ചു.

★

## ഓണവിൽപന ലക്ഷ്യം; മീൻവണ്ടികളിൽ സ്പിരിറ്റ് ഒഴുകുന്നു

ഓണക്കാലത്തെ വിൽപ്പനയ്ക്കായി ആയിരക്കണക്കിനു ലിറ്റർ സ്പിരിറ്റ് അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഒഴുകുന്നു. മീനും പൂവും പച്ചക്കറിയും നിറച്ച വണ്ടികളിലാണു സ്പിരിറ്റ് കടത്തു കൂടുതൽ.

ഗോവ, മംഗലാപുരം എന്നിവിടങ്ങളിൽ നിന്നു മീൻ കയറ്റി വരുന്ന ആകെ മൂടിയ വണ്ടികളിൽ 2000-3000 ലിറ്റർ സ്പിരിറ്റ് ദിവസവും കടത്തുകയെന്നതാണു പുതിയ രീതി. ആര്യങ്കാവു വഴി വരുന്ന സ്പിരിറ്റാണെങ്കിൽ പൂവും പച്ചക്കറിയും മറ്റും ഉപയോഗിച്ചു പുറമേ മറച്ചശേഷം അകത്തു രഹസ്യ അറയിൽ സ്പിരിറ്റ് കടത്തും.

★

## മുളങ്കമ്പിൽ മയിലാടിപ്പുഴ കടന്ന് അവർ സ്കൂളിലേക്ക്

മയിലാടിപ്പുഴയും മലമ്പുഴ ഡാമും കടന്നു വലിയകാടു ഹോളി ഫാമിലി എൽ.പി. സ്കൂളിലെ പൊടിക്കുഞ്ഞുങ്ങൾ ഇക്കരെയിലെ വീടണയുമ്പോൾ രാത്രി ഏഴുമണിയാകും. തിങ്ങിനിറഞ്ഞ ബോട്ടിൽ കാലൂന്നി, തോളിൽ പുസ്തകമാറാപ്പുമായാണു യാത്ര. ഹോംവർക്കും ഭക്ഷണവുമൊക്കെ കഴിയുമ്പോഴേക്കും തളർച്ചയായി, ഉറക്കമായി. വെളുപ്പിന് അഞ്ചിനെങ്കിലും ഉണരണം. ക്ഷീണവും തണുപ്പുമൊക്കെയായി കണ്ണൊന്ന് അടഞ്ഞുപോയാൽ കൊല്ലംകുന്നിൽ നിന്ന് എട്ടുമണിയുടെ ബോട്ട് പോകും. ബോട്ട് പോയാൽ സ്കൂളിൽ പോക്കും കഷ്ടത്തിലാകും.

★

## പ്രളയകാലവും കടന്നു സൂർത്തികൾ; കഷ്ടവും ധനനഷ്ടവും ബാക്കി

സൂറത്ത് പ്രളയദുരിതത്തെപ്പറ്റി അന്വേഷിക്കാൻ മുഖ്യമന്ത്രി നരേന്ദ്ര മോഡി രണ്ടംഗ കമ്മിഷനെ നിയമിച്ചു മുഖം രക്ഷിച്ചെങ്കിലും നഗരത്തിലെ വ്യവസായ സമൂഹത്തിന്റെ ദുരിതത്തിനു ശമനമില്ല.

ലോകപ്രശസ്തമായ സൂറത്ത് ഡയമണ്ട് തുണി വ്യവസായ യൂണിറ്റുകളുടെ പ്രളയകാല ഉത്പാദന നഷ്ടം 2100 കോടി രൂപയാണ്. ഹസീറ വ്യവസായ മേഖലയിലെ വമ്പന്മാരായ ക്രിബ്കോ, റിലയൻസ്, ഒ.എൻ.ജി.സി., എസ്സാർ തുടങ്ങിയവയുടെയും മറ്റും ബിസിനസുകാരുടെയും സഞ്ചിതനഷ്ടം കൂടിയായാൽ ഇത് 20,000 കോടി കടക്കും.

★

## ഓണം ഉന്നം; തമിഴ്നാട് പാൽവില 90 പൈസ കൂട്ടി

കേരളത്തിലെ ഓണവിപണിയിൽ നിന്നു ലാഭം കൊയ്യാൻ തമിഴ്നാട്ടിൽ പാലിന് വില കൂട്ടി.

ഓണക്കാലത്തെ ആവശ്യം കണക്കിലെടുത്ത് കൂടുതൽ പാൽ സംഭരിക്കുന്നതിനു മിൽമ ശ്രമിക്കുമ്പോഴാണ് പാൽ വിൽപ്പന വില 90 പൈസ വർധിപ്പിച്ചത്. ഇത് ഫലത്തിൽ തിരുവനന്തപുരം, എറണാകുളം യൂണിയനുകളെ ദോഷകരമായി ബാധിക്കും.

★

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 September**
**Price of single copy: Rs.4/-**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2006

*Join us to worship God in Spirit and Truth*
*The*
**CHURCH OF CHRIST**
Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To